**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ജീർണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾ, സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർ, വൈദ്യുതീകരിച്ച വീടില്ലാത്ത കുടുംബങ്ങൾ, സ്വന്തമായി കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ എന്നിവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണത്തിനായി SAFE പദ്ധതി, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി ലാന്റ് ബാങ്ക് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ശുചിത്വ കക്കൂസ് നിർമ്മിക്കുന്നതിനും, കെ.എസ്.ഇ.ബി, അനർട്ട് എന്നിവ മുഖേന കോളനികൾ വൈദ്യുതീകരിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ